

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

| | | |
|---|---|---|
| സ്കൂൾ | - | SCDUPS |
| ബി.ആർ.സി | - | കുണ്ടറ |
| ഉപജില്ല | - | കുണ്ടറ |
| ജില്ല | - | കൊല്ലം |

# സ്കൂൾ വികസന പദ്ധതി

| | |
|---|---|
| **SCDUPS** | **കൊറ്റങ്കര** |
| **സ്കൂൾ കോഡ്** | **41651** |
| **ബി.ആർ.സി** | **കുണ്ടറ** |
| **ജില്ല** | **കൊല്ലം** |

**ആമുഖം**

ശ്രീ ചിത്തിര തിരുനാൾ മഹാരാജാവിന്റെ ഷഷ്ഠിപൂർത്തിയോടനുബന്ധിച്ച്, കേരള വിദ്യാഭ്യാസ നിയമം നിലവിൽ വരുന്നതിനു മുമ്പ് 1937 ൽ ആദരണീയനും സ്വാതന്ത്ര്യസമര സേനാനിയും അധ്യാപകനുമായിരുന്ന ശ്രീ. ഗോപാലപണിക്കർ അവർകൾ സ്ഥാപിച്ചതാണ് ഈ വിദ്യാലയം.

ഈ വിദ്യാലയം മോതീൻമുക്ക്-സാരഥി ജംഗ്ഷൻ റോഡിന്റെ വശത്തായി മേക്കോൺ എന്ന പ്രദേശത്താണ് സ്ഥിതിചെയ്യുന്നത്. ഒരു വിസ്തൃതമായ പ്രദേ ശത്തെ കുട്ടികളുടെ വിദ്യാഭ്യാസ സ്ഥാപനമാണ് ഈ വിദ്യാലയം.

വളരെ പരിമിതമായ സാഹചര്യത്തിൽ പ്രവർത്തിച്ച് വന്ന വിദ്യാലയം ഇപ്പോ ഴത്തെ മാനേജർ ശ്രീ. സജീന വഹാബിന്റെ ഉടമസ്ഥതയിൽ ലഭിച്ചതിനുശേഷം ആധുനിക രീതിയിലുള്ള കെട്ടിടം നിർമ്മിക്കുകയും സ്കൂൾ അവിടേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു. മാനേജരുടെയും അധ്യാപകരുടെയും വകയായി കുട്ടി കൾക്ക് യാത്രാസൗകര്യത്തിനായി മൂന്ന് ബസുകൾ നിലവിലുണ്ട്.

# വികസന കാഴ്ചപ്പാട്

മനുഷ്യൻ ഒരു സാമൂഹിക ജീവിയാണ്. സമൂഹത്തിൽ നിരന്തരമായ ഇടപെടലുകളിലൂടെ മാത്രമേ അവന് മുന്നോട്ട് പോകുവാൻ സാധിക്കുകയുള്ളു. സമൂഹത്തിലെ നന്മതിന്മകൾ കുട്ടികൾ തിരിച്ചറിയേണ്ടതുണ്ട്. അതിന് അവരെ പ്രാപ്തരാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് സമഗ്ര ഗുണമേന്മാ പാഠ്യ പദ്ധതിയിലൂന്നിക്കൊണ്ട് നമ്മൾ ലക്ഷ്യമിടുന്നത്.

പുതിയ പാഠ്യപദ്ധതി പരിഷ്ക്കരണത്തിലൂടെ ഇന്ന് കുട്ടികൾക്ക് സമൂഹത്തിൽ ജീവിക്കുവാനാവശ്യമായ പല ശേഷികളും നേടിയെടുക്കുന്നുണ്ട്. ട്രാഫിക് നിയമങ്ങൾ, ശുചിത്വ ശീലങ്ങൾ, ഭക്ഷണ ശീലങ്ങൾ, വ്യായാമവും ആരോഗ്യ ശീലങ്ങളും, ഡിജിറ്റർ അച്ചടക്കം, പൊതുമുതൽ സംരക്ഷണം, വൈകാരിക നിയന്ത്രണം, മയക്കുമരുന്ന്-ലഹരി ഉപയോഗങ്ങൾ തുടങ്ങി ഒട്ടേറെ മേഖലകൾ വിവിധ ക്ലാസ്സുകളിലെ പാഠ്യപദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. സ്കൂൾ വർഷത്തിന്റെ തുടക്കത്തിൽ ഈ വിഷയങ്ങളെപ്പറ്റിയുള്ള പൊതു അവതരണങ്ങളും ചർച്ചകളും അഭിപ്രായ രൂപീകരണങ്ങളും നടത്തിക്കൊണ്ട് അധ്യയന വർഷത്തിന് തുടക്കം കുറിക്കുവാനാണ് ഉദ്ദേശിക്കുന്നത്. തുടർന്ന് അതാത് പാഠഭാഗങ്ങളുടെ ഭാഗമായി ഇവയിലോരോന്നും വിശദമായി വിലയിരുത്തപ്പെടും.

ഓരോ ക്ലാസ്സിലും നേടേണ്ട അറിവുകളും കഴിവുകളും നൈപുണികളും അതാത് ക്ലാസിൽ തന്നെ നേടിയെന്ന് ഉറപ്പു വരുത്തിയും ഭാഷ, ശാസ്ത്രം, ഗണിതം, സാങ്കേതികശാസ്ത്രം എന്നിവയിലൂന്നിയും രക്ഷാകർത്താക്കളേയും ലോക്കൽ റിസോഴ്സിനെയും കഴിയുന്നത്ര പഠനപ്രക്രിയയുടെ ഭാഗമാക്കിയും ഓരോ കുട്ടിയുടേയും ശേഷികളും പഠനനിലവാരവും വിലയിരുത്തി നിരന്തര പിന്തുണ നൽകുന്നതിലൂടെ എല്ലാവരേയും മുന്നേറാൻ പ്രാപ്തരാക്കിയുമുള്ള സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം എന്ന കാഴ്ചപ്പാടിൽ ഊന്നിയാണ് ഈ അക്കാദമിക് മാസ്റ്റർപ്ലാൻ രൂപപ്പെടുത്തിയിട്ടുള്ളത്. പാഠപുസ്തകങ്ങൾ, വർക്ക് ബുക്കുകൾ, ആക്ടിവിറ്റി ബുക്കുകൾ തുടങ്ങിയവയോടൊപ്പം ലൈബ്രറി പുസ്തകങ്ങൾ, പഠന യാത്രകൾ, വിദഗ്ദ്ധരുമായുള്ള മുഖാമുഖങ്ങൾ എന്നിങ്ങനെ എല്ലാ സാധ്യതകളും ഇതിനായി പ്രയോജനപ്പെടുത്തും.

# ഭൗതിക സാഹചര്യം

| അടിസ്ഥാന സൗകര്യങ്ങൾ | ആൺ | പെൺ | ആകെ | ഉപയോഗ്യമായത് | | |
|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ |
| ടോയ്‌ലറ്റ് | 2 | 11 | 13 | 2 | 11 | 13 |
| മൂത്രപ്പുര | 13 | – | 13 | 13 | – | 13 |
| കുടിവെള്ള ടാപ്പ് | 5 | 8 | 13 | 5 | 8 | 13 |
| പാചകപ്പുര | | | ഉണ്ട് | | | |
| സ്റ്റോർ | | | ഉണ്ട് | | | |
| കൈ കഴുകുവാനുള്ള ടാപ്പ് | 16 | | 16 | | | 16 |
| ലൈബ്രറി | | | ഉണ്ട് | | | ഉണ്ട് |
| കമ്പ്യൂട്ടർ ലാബ് | | | ഉണ്ട് | | | ഉണ്ട് |
| കിണർ | | | ഉണ്ട് | | | ഉണ്ട് |
| ലാപ്ടോപ്പുകളുടെ എണ്ണം | | | 10 | | | 10 |
| പ്രൊജക്ടർ | | | 4 | | | 4 |

| Sl. No. | Teachers | Designation |
|---|---|---|
| 1. | Nirmala Devi.G | H.M |
| 2. | Shajitha Beegum | UPST |
| 3. | Suprabha Kumari.L | UPST |
| 4. | Febina Beegum.M | UPST |
| 5. | Ruby Varghese | UPST |
| 6. | Devi.K.P | UPST |
| 7. | Nisha.V | UPST |
| 8. | Badariya.A | UPST |
| 9. | Smitha Krishnan.G.R | UPST |
| 10. | Geethisree.P | UPST |
| 11. | Anjaly.L.R | UPST |
| 12. | Bhagyalekshmi | UPST |
| 13. | Mini.J | Hindi |
| 14. | Muhammad Midhlaj.S | Arabic |
| 15. | Remya.S.Sura | Sanskrit |
| 16. | Ebin Paul | Office attendant |

# 2025–2026 ആറാം പ്രവൃത്തിദിനം

**കുട്ടികളുടെ എണ്ണം**

| സ്റ്റാൻഡേർഡ് | വിദ്യാർത്ഥികളുടെ എണ്ണം | | | എസ്.സി | | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| V | 57 | 55 | 112 | 13 | 8 | 21 |
| VI | 72 | 43 | 115 | 15 | 9 | 24 |
| VII | 79 | 51 | 130 | 17 | 10 | 27 |

| | | |
|---|---|---|
| സ്കൂൾ വിസ്തൃതി | - | 40 സെന്റ് |
| ക്ലാസ്സ് മുറികൾ | - | 12 |
| വൈദ്യുതീകരിച്ച ക്ലാസ്സ് മുറികൾ | - | 12 |
| കമ്പ്യൂട്ടർ ലാബ് | - | 1 |
| ഓഫീസ് റൂം | - | 1 |
| മാനേജർ റൂം | - | 1 |
| സ്റ്റാഫ് റൂം | - | 2 |

# അടിസ്ഥാന സൗകര്യവികസന കാഴ്ചപ്പാട്

| ക്രമ നം | മേഖല | അവസ്ഥ | കാഴ്ചപ്പാട് (പ്രക്രിയ) | ചുമതല | കാലയ ളവ് | സാമ്പത്തികം | സ്രോതസ്സ് |
|---|---|---|---|---|---|---|---|
| 1. | ഇരിപ്പിട സൗകര്യം | ഡസ്കും, ബെഞ്ചും ഭാഗികമായി ഉണ്ട് | ഓരോ കുട്ടിക്കും ബാഗ് വയ്ക്കുന്നതിനും വച്ചെ ഴുതുന്നതിനും ഡസ്കും, കസേരയും ആവശ്യ മാണ് | ഹെഡ്മാസ്റ്റർ മാനേജർ | 3 വർഷം | 1 ലക്ഷം | മാനേജ്മെന്റ് |
| 2. | വിവിധതരം ബോർഡുകൾ | എല്ലാ ക്ലാസ്സിലും ബ്ലാക്ക് ബോർഡ് ഉണ്ട്. പൊതുവായ ഒരു നോട്ടീസ് ബോർഡ് ഉണ്ട് | എല്ലാ ക്ലാസ്സിലും വൈറ്റ് ബോർഡ് / ഗ്രീൻ ബോർഡ് ഉറപ്പാക്കും | ഹെഡ്മാസ്റ്റർ, പി.റ്റി.എ | 1 വർഷം | 20000 രൂപ | മാനേജ്മെന്റ് |
| 3. | കളിസ്ഥലം | ഭാഗികം | കുട്ടികൾക്ക് സ്പോർട്സ് മത്സരങ്ങൾക്കും കളിക്കു വാനും വിശാലമായ കളിസ്ഥലം | ഹെഡ്മാസ്റ്റർ, മാനേജർ | 5 വർഷം | | മാനേജർ |
| 4. | ലാബ്/ ലൈബ്രറി | • ലാബ് ഇല്ല, ലൈബ്രറി പുസ്ത കങ്ങൾ ഉണ്ട്. പ്രത്യേക മുറി ഇല്ല<br>• കമ്പ്യൂട്ടർ ലാബ് പ്രത്യേകമുറി ഉണ്ട് | മെച്ചപ്പെട്ട സൗകര്യങ്ങ ളോടു കൂടിയ ലൈബ്രറി / റീഡിംഗ് റൂം പ്രത്യേകം ക്രമീകരി ക്കുക | ഹെഡ്മാസ്റ്റർ, പി.റ്റി.എ, മാനേ ജർ | 3 വർഷം | 1 ലക്ഷം | മാനേജ്മെന്റ്, പി.റ്റി.എ |

| | | | | | | | |
|---|---|---|---|---|---|---|---|
| 5. | പാചകപ്പുര | മെച്ചപ്പെട്ടതാണ് | ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുക | ഹെഡ്മാസ്റ്റർ, പി.റ്റി.എ, മാനേജർ | 4 വർഷം | 5000 രൂപ (അൻപതിനായിരം രൂപ) | മാനേജ്മെന്റ്, ഗവൺമെന്റ് ഗ്രാന്റ് |
| 6. | ഊട്ടുപുരയ്ക്ക് ആവശ്യമായ പാത്രങ്ങൾ | പാത്രങ്ങൾ ഉണ്ട് | പാചകത്തിനും വിതരണത്തിനും കുട്ടികൾക്ക് കഴിക്കുന്നതിനും ആവശ്യമായ കൂടുതൽ പാത്രങ്ങൾ | ഹെഡ്മാസ്റ്റർ, പി.റ്റി.എ, മാനേജർ | 3 വർഷം | 25000 രൂപ (ഇരുപത്തിഅയ്യായിരം രൂപ) | മാനേജ്മെന്റ്, പി.റ്റി.എ |
| 7. | വാഹനസൗകര്യം | വിദ്യാലയത്തിന് സ്വന്തമായി ഒരു ബസ് ഇല്ല | കരാറടിസ്ഥാനത്തിൽ ഓടുന്ന ബസ് അല്ലാതെ സ്വന്തമായി ഒരു ബസ് | ഹെഡ്മാസ്റ്റർ, സ്റ്റാഫ് | 5 വർഷം | | മാനേജ്മെന്റ് |
| 8. | കായികപഠനം | സജീവമല്ല | കായികപഠനത്തിന് വേണ്ടി പ്രത്യേകം അധ്യാപകനെ നിയമിക്കുക. കായികോപകരണങ്ങൾ സജ്ജമാക്കുക | എ.ഇ.ഒ., മാനേജർ | 2 വർഷം | | മാനേജ്മെന്റ് |
| 9. | C.W.S.N | പ്രത്യേക ശ്രദ്ധ നൽകുന്നു. എല്ലാ പരിപാടികളിലും കുട്ടികളെ ഉൾപ്പെടുത്തുന്നു | ഇത്തരം കുട്ടികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക | ഹെഡ്മാസ്റ്റർ, മാനേജർ | 2 വർഷം | 50000 രൂപ (അൻപതിനായിരം രൂപ) | മാനേജ്മെന്റ് |
| 10. | ക്ലബ്ബ് ആക്ടിവിറ്റി | ക്ലബ്ബ് പ്രവർത്തനങ്ങൾ നടക്കുന്നുണ്ട് | ക്ലാസ് തല പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക | ക്ലബ്ബ് ചുമതലയുള്ള അധ്യാപകർ | | | അധ്യാപകർ |

# പൊതുലക്ഷ്യങ്ങൾ

- ❖ എല്ലാ വിദ്യാർത്ഥികളെയും അക്ഷരബോധവും സംഖ്യാബോധവും കൈവരിക്കാൻ പ്രാപ്തരാക്കുക.
- ❖ കുട്ടികളുടെ കലാ, കായിക, പ്രവൃത്തി, പരിചയ കഴിവുകളെ കണ്ടെത്തി പരിപോഷിപ്പിച്ച് ഉയർന്ന തലത്തിൽ എത്തിക്കുവാൻ പ്രാപ്തരാക്കുക.
- ❖ അച്ചടക്ക ബോധവും പരസ്പര സ്നേഹവും ഉള്ള പുതുതലമുറയെ വാർത്തെടുക്കുക.
- ❖ മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ വായിക്കുവാനും എഴുതുവാനും എല്ലാ കുട്ടികളെയും സജ്ജരാക്കുക.
- ❖ പഠന പ്രവർത്തനങ്ങളിൽ ICT സാധ്യത ഉറപ്പാക്കുക.
- ❖ പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ പഠന തന്ത്രങ്ങളും ക്ലാസ്സുകളും ആവിഷ്ക്കരിക്കുക.
- ❖ കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.
- ❖ സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- ❖ കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.
- ❖ മാലിന്യ സംസ്ക്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.
- ❖ ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.ജൈവ വൈവിധ്യ ഉദ്യാനം, ഔഷധസസ്യ ഉദ്യാനം എന്നിവ സംരക്ഷിക്കുക, കൂടുതൽ മെച്ചപ്പെടുത്തുക.
- ❖ കുട്ടികളിൽ പ്രീ ടെസ്റ്റ് നടത്തി നിലവാരം അനുസരിച്ച് തരംതിരിക്കുന്നു.
- ❖ ഈ കുട്ടികൾക്ക് വേണ്ട പഠന പിന്തുണ നിരന്തരം അധ്യാപകർ നൽകുന്നു.
- ❖ ബാല സാഹിത്യകൃതികൾ നൽകുന്നു. വായന ഉറപ്പാക്കുന്നു.

# തനത് പ്രവർത്തനം

**1)സ്കൂൾ വാർത്തകൾ**

മലയാളം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്കൂളിൽ നടക്കുന്ന പ്രധാന ദിനങ്ങളെയും അവയുടെ പ്രാധാന്യത്തേയും തുടർന്നുള്ള പ്രവർത്തനങ്ങളേയും ഉൾപ്പെടുത്തിയുള്ള വാർത്ത വായന.

**2)കൈത്താങ്ങ്**

പഠന പിന്തുണ ആവശ്യമുള്ള മുഴുവൻ വിദ്യാർത്ഥികളേയും കണ്ടെത്തുക. കണ്ടെത്തിയ കുട്ടികളെ എല്ലാ അധ്യാപകർക്കും തുല്യമായി വിഭജിച്ചു നൽകുക. തങ്ങളുടെ കുട്ടികളുടെ മികവുകളും പോരായ്മകളും തിരിച്ചറിഞ്ഞ് അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക. അതിനാവശ്യമായി വരുന്ന പഠന പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്ത് നടപ്പാക്കുക.

**3) ഹരിതോദ്യാനം**

കുട്ടികൾക്കുള്ള മാനസിക ഉല്ലാസം, ആരോഗ്യ പരിപാലനം, കൃഷിയോടുള്ള താല്പര്യം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി എക്കോ ക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികളെ ക്ലാസ്തലത്തിൽ വിഭജിച്ചുകൊണ്ട് പൂന്തോട്ട നിർമ്മാണം, ഔഷധ സസ്യ ഉദ്യാനം, പച്ചക്കറിത്തോട്ടം എന്നിവ സ്കൂൾ അങ്കണത്തിൽ പരിപാലിച്ചു വളർത്തുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

# കുട്ടികളിൽ വികസിക്കേണ്ട പൊതുധാരണകൾ

ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാൻ സ്കൂൾ തലത്തിൽ അക്കാദമിക മാസ്റ്റർ പ്ലാൻ വികസിപ്പിക്കേണ്ടതുണ്ട്. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിനും കുട്ടികളിൽ മൂല്യബോധം വികസിപ്പിക്കുവാനുള്ള പ്രവർത്തന പദ്ധതികൾ കൂടി ഉൾപ്പെടുത്തിയായിരിക്കണം അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടത്. ഇതിനുവേണ്ടി സ്കൂൾ തലത്തിൽ തന്നെ കൃത്യമായി പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

കുട്ടികളുടെ പഠനനിലവാരം മനസ്സിലാക്കിക്കൊണ്ട് അവർക്ക് ആവശ്യമായ കൈത്താങ്ങ് നൽകുക എന്നത് സമഗ്രഗുണമേന്മാ പദ്ധതിയുടെ പ്രധാന ഘടകമാണ്. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കൊണ്ട് അർത്ഥമാക്കുന്നത് ഒരു കുട്ടിയുടെ ഒരു മേഖലയിലെ കഴിവ് മാത്രമല്ല, എല്ലാ മേഖലകളിലുമുള്ള കഴിവുകളെ പരിപോഷിപ്പിക്കുക എന്നതാണ്. അതിനാൽ 2025-2026 അക്കാദമിക വർഷം സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ജൂൺ മാസത്തിലെ ആദ്യത്തെ രണ്ടാഴ്ച കുട്ടികൾക്ക് സാമൂഹികവും മാനസികവും വൈജ്ഞാനികവുമായ വികാസങ്ങൾക്ക് ഉതകുന്ന പ്രവർത്തനങ്ങളാണ് സ്കൂൾതലത്തിൽ നടപ്പിലാക്കേണ്ടത്.

# ഡിജിറ്റൽ അച്ചടക്കം

കുട്ടികൾ ഭക്ഷണം കഴിക്കുവാനും ഒഴിവു സമയം ചിലവഴിക്കാനുമായി ടെലിവിഷനുകൾ / മൊബൈലുകൾ / ടാബുകൾ ഉപയോഗിക്കുന്നതായി കണ്ടുവരുന്നു. മാതാപിതാക്കളുടെയോ ബന്ധുക്കളുടെയോ അനുമതിയോടെയും അല്ലാതെയും ഡിജിറ്റൽ ഉപകരണങ്ങൾ കുട്ടികൾ ഉപയോഗിക്കുന്നുണ്ട്. ഇത് കുട്ടികളുടെ ശാരീരിക മാനസിക ആരോഗ്യത്തെ ബാധിക്കുന്നുണ്ടെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. അതിനാൽ ഡിജിറ്റൽ അച്ചടക്കത്തിനായി സ്കൂൾ തലത്തിൽ കുട്ടികളെ ബോധവാന്മാരാക്കുന്ന പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചു. Cyber adiction, over gaming കൊണ്ടുള്ള ദോഷവശങ്ങളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടി

ക്കുവാൻ അധ്യാപകരുടെ നേതൃത്വത്തിൽ ബോധവത്കരണ ക്ലാസ് നടത്താൻ തീരുമാനിച്ചു.

അതുപോലെ തന്നെ വായനയുടെ മഹത്വത്തെക്കുറിച്ചും വായനയിലൂടെ ലഭിക്കുന്ന പുതിയ പുതിയ അറിവുകൾ പഠനത്തിലും ജീവിതത്തിലും പ്രയോജനപ്പെടുത്തുന്നതും എങ്ങനെയെല്ലാമെന്ന് അധ്യാപകർ കുട്ടികൾക്ക് വിശദമാക്കി കൊടുക്കുവാൻ തീരുമാനിച്ചു. അതിന്റെ ഭാഗമായി ലൈബ്രറിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ തീരുമാനിച്ചു. പി.റ്റി.എ യുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ ലഹരിക്ക് എതിരായുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ തീരുമാനിച്ചു.

## മയക്കുമരുന്ന് / ലഹരി ഉപയോഗത്തിനെതിരെ

ലഹരിയ്ക്ക് എതിരായ മനോഭാവം കുട്ടികളിൽ ഉളവാക്കുന്നതിനും മയക്കുമരുന്ന് / ലഹരി ഉപയോഗിക്കില്ലെന്നുമുള്ള മനോഭാവം കുട്ടികളിൽ ഉണ്ടാകുന്നതിനാവശ്യമായ ധാരണകൾ രൂപപ്പെടുത്തേണ്ടതുണ്ട്. അതിനായി കുട്ടികളുടെ പ്രായം പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഒരു ക്ലാസ്സിലെ വിവിധ സാഹചര്യങ്ങളിൽ നിന്നും വരുന്ന കുട്ടികൾ ലഹരി ഉണ്ടാക്കുന്ന അപകടങ്ങളെക്കുറിച്ച് അവരുടെ അഭിപ്രായങ്ങളും ധാരണകളും പ്രകടിപ്പിക്കുന്നതിനുവേണ്ടി ഒരു സംവാദം സംഘടിപ്പിക്കാൻ തീരുമാനിച്ചു. കൂടാതെ ലഹരിക്ക് എതിരെയുള്ള മനോഭാവം കുട്ടികളിൽ വളർത്തിയെടുക്കുന്നതിനു വേണ്ടി ഒരു ബോധവത്കരണ ക്ലാസ്സ് അധ്യാപകരുടെ നേതൃത്വത്തിൽ നടത്തും. ജൂൺ 26 ലഹരിവിരുദ്ധ ദിനമായതിനാൽ അന്നേദിവസം ഒരു പ്രത്യേക അസംബ്ലി സംഘടിപ്പിക്കുവാനും അതിൽ കുട്ടികൾ ലഹരിവിരുദ്ധ പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിക്കുവാനും തീരുമാനിച്ചു.

## റോഡിലൂടെ സഞ്ചാരം, റെയിൽ മുറിച്ചു കടക്കുമ്പോൾ, ജല പാത ഉപയോഗം, സ്കൂൾ വാഹന ഉപയോഗം എന്നിവയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

വിവിധ ഗതാഗത സംവിധാനങ്ങളെക്കുറിച്ചും അവ ഉപയോഗിക്കുമ്പോൾ അനുവർത്തിക്കേണ്ട നിയമങ്ങളെക്കുറിച്ചുള്ള വ്യക്തമായ ധാരണ കുട്ടികൾ നേടിയെടുക്കേണ്ടതുണ്ട്. അപകടങ്ങൾ വർധിച്ചു വരുന്ന ഇക്കാലത്ത് അപകടങ്ങളും അപകട മരണങ്ങളും കുറച്ചുകൊണ്ടുവരാൻ കുട്ടികൾക്ക് സ്കൂൾ തലത്തിൽ ലഭിക്കുന്ന അവബോധം വളരെ വലുതാണ്. ഏറ്റവും കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്നത് റോഡിലൂടെ നടന്നുവരുമ്പോഴും റോഡ് മുറിച്ച് കടക്കുമ്പോഴും സ്കൂൾ വാഹനങ്ങളിൽ കയറുമ്പോഴും, ഇറങ്ങുമ്പോഴും യാത്ര ചെയ്യുമ്പോഴുമാണ്. ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി ഇവയുമായി ബന്ധപ്പെട്ട് കുട്ടികൾ പാലിക്കേണ്ട കാര്യങ്ങൾ / ആർജ്ജിക്കേണ്ട ശേഷികൾ ധാരണാ മനോഭാവങ്ങൾ, അവർക്കുണ്ടാകേണ്ട തിരിച്ചറിവുകൾ എന്നിവ വളർത്തി എടുക്കുന്നതിന് ഉതകുന്ന രീതിയിലുള്ള ക്ലാസ്സ്റൂം പ്രവർത്തനങ്ങൾ നൽകാൻ തീരുമാനിച്ചു.

കുട്ടികൾ സ്കൂൾ ബസ്, ഓട്ടോ, മറ്റ് വാഹനങ്ങൾ എന്നിവയിൽ യാത്ര ചെയ്യുമ്പോൾ കുട്ടികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും, റെയിൽ ക്രോസുകൾ മുറിച്ച് കടക്കുമ്പോൾ, സിഗ്നലുകൾ എന്നിവ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും ഒരു വീഡിയോ പ്രദർശനം സ്കൂൾതലത്തിൽ നടത്താൻ തീരുമാനിച്ചു.

## വ്യക്തിശുചിത്വം, പരിസരശുചിത്വം, ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവത്കരണം

ഓരോ അധ്യാപകരും അവരവരുടെ ക്ലാസ്സുകളിൽ കുട്ടികൾ ദൈനംദിന ജീവിതത്തിൽ വ്യക്തിശുചിത്വത്തിന്റെയും പരിസര ശുചിത്വത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കാൻ തീരുമാനിച്ചു.

ജൂൺ 5 ന് പരിസ്ഥിതി ദിനമായതിനാൽ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ സ്കൂൾ അങ്കണം ഹരിതക്യാമ്പസ് ആക്കുന്നതിനുവേണ്ടി

വൃക്ഷത്തൈകൾ നടാൻ തീരുമാനിച്ചു. കൂടാതെ പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട അന്നേ ദിവസം പ്രത്യേകം അസംബ്ലി സംഘടിപ്പിക്കുവാനും, പരിസ്ഥിതിയുമായി ബന്ധപ്പെട്ട കവിതകൾ, സന്ദേശങ്ങൾ(പരിസ്ഥിതി ദിനം), പോസ്റ്ററുകൾ, പരിസ്ഥിതി ദിന പ്രതിജ്ഞ തുടങ്ങിയ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചു. കൂടാതെ ക്ലാസ് തലത്തിൽ വ്യക്തിശുചിത്വത്തെക്കുറിച്ചും ഓരോ വ്യക്തിയ്ക്കും നിത്യജീവിതത്തിൽ വേണ്ട ശുചിത്വശീലങ്ങളെക്കുറിച്ചും ക്ലാസ്സ് തലത്തിൽ അധ്യാപകർ ബോധവത്കരണ ക്ലാസ് നടത്താൻ തീരുമാനിച്ചു. കൂടാതെ സ്കൂൾ അങ്കണം പ്ലാസ്റ്റിക്ക് നിരോധിത മേഖലയാക്കുന്നതിനുവേണ്ടി കുട്ടികളും അധ്യാപകരും ഉച്ചഭക്ഷണം കൊണ്ടുവരുന്നത് സ്റ്റീൽ പാത്രത്തിൽ ആക്കുവാൻ തീരുമാനിച്ചു. അതുപോലെ തന്നെ കുട്ടികൾ ജന്മദിനങ്ങളിൽ മിഠായികൾ കൊണ്ടുവരുന്നതും നിർത്തലാക്കാൻ തീരുമാനിച്ചു. പകരം വൃക്ഷത്തൈകൾ, പച്ചക്കറിവിത്ത് തുടങ്ങിയവ കൊണ്ടുവരാനുള്ള നിർദ്ദേശങ്ങൾ നൽകുവാൻ തീരുമാനിച്ചു.

## ആരോഗ്യം, കായികക്ഷമത, വ്യായാമം

ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കുന്നതിന് പൊതു ആരോഗ്യത്തെക്കുറിച്ച് കുട്ടികളിലെ മനോഭാവം വളർത്തിയെടുക്കേണ്ടത് ഇന്നത്തെ കാലഘട്ടത്തിൽ അത്യാവശ്യമാണ്.

ആരോഗ്യം നിലനിർത്തുന്ന ഭക്ഷണശീലങ്ങളെക്കുറിച്ചും കുട്ടികൾക്ക് വ്യായാമത്തിന്റെയും യോഗയുടെയും പ്രാധാന്യത്തെക്കുറിച്ചും അസംബ്ലിയിൽ പ്രഥമാധ്യാപികയുടെ നേതൃത്വത്തിൽ നിർദ്ദേശങ്ങൾ നൽകാൻ തീരുമാനിച്ചു.

കുട്ടികളിൽ മാനസിക പിരിമുറുക്കം ഒഴിവാക്കുന്നതിനുവേണ്ടി 5, 6, 7 ക്ലാസ്സ് അടിസ്ഥാനത്തിൽ വിവിധ വ്യായാമ മുറകൾ കുട്ടികളെ പരിശീലിപ്പിക്കുവാനും, പ്രാണായാമ, ധ്യാനം, വൃക്ഷാസന തുടങ്ങിയ യോഗചര്യകൾ കുട്ടികളെ അഭ്യസിപ്പിക്കുവാനും കുട്ടികളിൽ മാനസിക ഉല്ലാസം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സുംബ ഡാൻസ് പരിശിലീപ്പിക്കുവാനും തീരുമാനിച്ചു. ഇതിനായി പ്രത്യേക ടൈം ടേബിൾ ക്രമീകരിക്കുവാനും തീരുമാനിച്ചു.

# എന്റെ മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1)ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയസംവേദനം നടത്താനും, പദസമ്പത്ത് വളർത്താനും കുട്ടികളെ പ്രാപ്തരാക്കുക<br>2)കുട്ടികളിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ(കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു.<br><br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു | ജൂൺമാസം<br><br>ജൂൺ മാസം | മലയാളം ക്ലബ്ബ്<br><br>മലയാളം അദ്ധ്യാപകർ | |
| | പത്രം, മാസികകൾ എന്നിവ കുട്ടികൾ വായിക്കുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു.<br><br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു<br><br>ICTയുടെ സഹായത്താൽ കുട്ടികളെക്കൊണ്ട് വാർത്തകൾ വായിപ്പിക്കുന്നു | എല്ലാ ദിവസവും<br><br>വർഷത്തിൽ മൂന്ന് പ്രാവശ്യം<br><br>പ്രതിമാസം | മലയാളം അദ്ധ്യാപകർ<br><br>മലയാളം ക്ലബ്ബ്<br><br>മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| 3)സാഹിത്യ കൃതികളോടും, സാഹിത്യ കാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി കുട്ടികളുടെ സർഗ്ഗ ശേഷി വളർത്തൽ | സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭി മുഖ സംഭാഷണവും, സംവാദങ്ങളും സംഘടിപ്പിക്കുന്നു | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്ര സ്സ്, മലയാളം അദ്ധ്യാപകർ | പി.റ്റി.എ |
| 4)പഠിതാക്കളുടെ കലാവാസനകളെ പരി പോഷിപ്പിക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽ ക്കാഴ്ചകൾ, ലഘുനാടകങ്ങൾ, തുടങ്ങി യവ സ്കൂൾ അസംബ്ലിയിൽ അവതരി പ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ദധരായ കലകാരന്മാരെ പങ്കെടു പ്പിച്ച് കൊണ്ട് ശില്പശാലകൾ നട ത്തുന്നു | അക്കാദമിക വർഷത്തിൽ ഒരു തവണ | പി.റ്റി.എ സ്കൂൾ | പി.റ്റിഎ |
| 5) റേഡിയോ നെല്ലിക്ക അവതരണ മികവ് (കുട്ടികളുടെ അവകാശങ്ങളെക്കു റിച്ചും ക്ഷേമത്തെക്കുറിച്ചും അവബോധം വളർത്തുക എന്നതാണ് ലക്ഷ്യം) | ബാലാവകാശ സംരക്ഷണം, ബാലാവ കാശ ലംഘനങ്ങൾ തിരിച്ചറിയാനും, തടയാനും സഹായിക്കുന്ന തരത്തി ലുള്ള ക്ലാസ്സുകൾ കേൾപ്പിക്കുകയും<br>വിദ്യാഭ്യാസപരമായ ഉള്ളടക്കം കുട്ടി കൾക്കും അധ്യാപകർക്കും, രക്ഷിതാ ക്കൾക്കും പ്രയോജനപ്പെടുന്ന വിദ്യാഭ്യാ സപരമായ വിവരങ്ങൾ നൽകുക | പ്രതിമാസം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ്, പി.റ്റി.എ |

# ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| യു.പി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും, ആശയങ്ങളും ഉറപ്പിക്കൽ.<br><br>ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും വായിക്കാനും എഴുതാനും | ❖ അക്ഷരം എഴുത്ത്<br>❖ ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>❖ അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്, അക്ഷരമാല, അക്ഷര മരം, അക്ഷര പക്ഷി നിർമ്മാണം, പ്രദർശനം, അക്ഷരമാല കളികൾ വാക്കുകൾ എഴുതിയ കാർഡുകൾ.<br>❖ അക്കങ്ങൾ(1-10) വാക്കുകളുടെ നിർമ്മാണം, വാക്യങ്ങളുടെ നിർമ്മാണം, ICTസഹായത്തിലൂടെ അക്ഷരങ്ങളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>❖ CWSN കുട്ടികളുടെ പങ്കാളിത്തം ഹിന്ദി അസംബ്ലി ദിനാചരണങ്ങൾ, ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ മുതലായവ | ജൂൺ മുതൽ സെപ്തംബർ വരെ | അക്ഷര ചാർട്ട് പാഠപുസ്തകം | BRC Resource teacher |

| | | | | |
|---|---|---|---|---|
| സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം നേടുക | അധിക വായനാ സാമഗ്രികൾ ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ, ചിത്രത്തിന് അടിക്കുറിപ്പ് നൽകൽ. ചിത്രം കണ്ട് കഥ പറയൽ, ചിത്രം കണ്ട് കഥ എഴുതൽ, കഥയുടെ ബാക്കി എഴുതൽ | ഒക്ടോബർ മതുൽ മാർച്ച് വരെ | ചിത്രങ്ങൾ, വായനാ സാമഗ്രികൾ, ചിത്ര കഥകൾ തുടങ്ങിയവ | BRC, Resource Teacher |
| സുരീലി ഹിന്ദി പ്രവർത്തനങ്ങൾ | വായനമൂല<br>ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ CWSN കുട്ടികളുടെ പങ്കാളിത്തം ഹിന്ദി ദിനാഘോഷം | | | |

# EASY ENGLISH

| Aim | Activities | Time | Duty |
|---|---|---|---|
| Improve the listening skill and speaking skill in English appropriately | 1. Lend your era<br>❖ Stduents are asked to listen some funny and interesting english, then encourage students to give answers to corresponding questions<br><br>2. Follow Me if yes can<br>❖ To do the actions according to the instructions given in English<br><br>3. Breaking News<br>❖ Students are asked to listen the recorded news in english radio through this students got chance to hear the correct pronounciation | June<br><br>June<br><br>July | Enlgish teacher<br><br>English Teacher<br><br>English teacher |
| To improve the listening and speaking skill of students | Missing Man: A recorded conversation of a student and a teacher is provided to listen carefully, then the teacher's portion is omitted thus make a chance for other students to present the teacher's portion | August | English teacher |

| | | | |
|---|---|---|---|
| To improve the reading skill and also practice impressive reading | Reader of the month:<br>Give opportunity to read the english daily newspaper and honour the student selected as the reader of the month.<br><br>I Too Can: Different reading cards are prepared according to different levels. Make opportunity for students to read it well<br><br>One man show: Give a concept / topic and encourage students to act according it in english (mono-act) | September<br><br>September<br><br>October | English teacher<br><br>English teacher<br><br>English teacher |
| To make students capable of writing english without making mistakes | i) Word maker: Students are arranged in groups and some paper bits of different letters are given (each group will get a word by arranging these letters), a chart is pasted on the wall, those who write the word on the chart firstly will become the winner | October | English teacher |

| | | | |
|---|---|---|---|
| | ii) Picture description: a picture is shown in laptop and students are asked to write a brief description about the picture<br><br>iii) Narrative Essay: Arrange students in groups, then teacher gives a paper with a single line of story, the students have to complete it into a full story by passing it group wise | November<br><br>November | English teacher<br><br>English teacher |
| Understand the usage of adjective sentence or identify adjective | Explore Names: Students are asked to expand their spelling according to their own characteristics | December January | English teacher |
| Leaners will be able to understand pasrts of speech | 1. Divide the sentence: Different sentence are provided and stduents are asked to identify noun & verb. Students are asked to perform different actions synchronize students name and action<br>2. Arrange students into different groups and give them card including different pronounds, ask them to make simple sentence with the pronoun connected to the members of each groups | December January<br><br>February | English teacher<br><br>English teacher |

| | | | |
|---|---|---|---|
| | 3. Junction meet: Students are asked to connect friends to connect friends and make sentences by using ‘and’, ‘with’ etc<br><br>4. Learning Interjections | February<br><br>March | English teacher<br><br>English teacher |

# സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1) ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br>യു.പി. തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | 1. ഭാഷ ജ്ഞാനം<br>• അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസ്സിലെ അക്ഷരമാല പ്രദർശനം<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ആഗസ്റ്റ് | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br>ICT | പി.റ്റി.എ<br>റിസോഴ്സ് അധ്യാപിക |
| | 2. പറയാം പഠിക്കാം<br>• ചിത്രങ്ങളുടെ പേര് പറയൽ<br>• ചിത്രകഥകൾ<br>• ലഘുസംഭാഷണങ്ങൾ<br>നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ - ജൂലൈ | സംസ്കൃത കഥാപുസ്തകം<br>ICT | റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| 2) വീട് ഒരു പരീക്ഷണ ശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക) | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | സെപ്തംബർ- ഒക്ടോബർ | സംസ്കൃതം നിഘണ്ടു | |
| 3)കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷാ പഠന നേട്ടങ്ങൾ | • ക്ലബ്ബ് രൂപീകരണം<br>• പഠനോപകരണ നിർമ്മാണം<br>• ഗൃഹസന്ദർശനം<br>• പഠനയാത്ര | ജൂൺ - മാർച്ച് | ചാർട്ട് ചിത്രം | റിസോഴ്സ് അധ്യാപിക |
| 4) പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസ്സുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു | ജൂൺ-മാർച്ച് | ക്ലാസ്സ് റൂം | റിസോഴ്സ് അധ്യാപിക |

# ലളിതം സുന്ദരം ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാനഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | കളി രീതിയിലൂടെ അടിസ്ഥാന ക്രിയ കൾ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തന ങ്ങൾ നൽകുന്നു (ഉദാ: നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ് മുതലായവ) | ജൂൺ | മാത്സ് ടീച്ചേഴ്സ് | മാത്സ് ക്ലബ്ബ് പി.റ്റി.എ |
| 2. രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷിക ളുടെ വികാസവും | ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, രൂപനിർമ്മാണം, പ്രദർശനം | വർഷത്തിൽ ഒരു പ്രാവശ്യം | മാത്സ് ടീച്ചേഴ്സ് | മാത്സ് ക്ലബ്ബ് പി.റ്റി.എ |
| 3. ഗണിത പഠന പ്രവർത്തന ങ്ങൾ സുഗമമാക്കൽ | ഗണിതലാബ് സജ്ജീകരിക്കൽ, ലാബിൽ വച്ചുള്ള ഗണിത ക്ലാസ് | കൃത്യമായ ഇട വേളകളിൽ | മാത്സ് ടീച്ചേഴ്സ് ക്ലബ്ബ് മെമ്പേഴ്സ് | മാത്സ് ക്ലബ്ബ് പി.റ്റി.എ |
| 4. ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശനം | ഒറ്റത്തവണ | മാത്സ് ക്ലബ്ബ് | മാത്സ് ക്ലബ്ബ് പി.റ്റി.എ |
| 5. ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിര യിൽ എത്തിക്കൽ | പിന്നാക്കം നിൽക്കുന്ന കുട്ടികളെ അധ്യാപകരും മറ്റ് കുട്ടികളും ചേർന്ന് മാർഗ്ഗനിർദ്ദേശം നൽകി പോരായ്മകൾ പരിഹരിക്കുന്നു | എല്ലാ ഒഴിവു സമയവും | മാത്സ് ടീച്ചേഴ്സ് ടാലന്റഡ് സ്റ്റുഡൻസ് | മാത്സ് ക്ലബ്ബ് പി.റ്റി.എ |
| 6. ഗണിത താല്പര്യം വർദ്ധിപ്പി ക്കൽ | ഗണിതത്തിൽ പ്രാവീണ്യമുള്ള മറ്റ് ആൾക്കാർ/അധ്യാപകർ എന്നിവരെ സ്കൂളിൽ എത്തിച്ച് ക്ലാസ്സുകൾ കൈകാര്യം ചെയ്യൽ | വർഷത്തിൽ കുറച്ച് തവണ കൾ | മാത്സ് ടീച്ചേഴ്സ് ലീഡേഴ്സ് | മാത്സ് ക്ലബ്ബ് പി.റ്റി.എ |

# ശാസ്ത്രവിസ്മയങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | പിന്തുണ |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | കൃഷിത്തോട്ട നിർമ്മാണം<br>പച്ചക്കറി വിത്ത് ശേഖരണം, നടീൽ എന്നിവയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര ക്ലബ്ബ്<br>ശാസ്ത്രാദ്ധ്യാപകൻ | പി.റ്റി.എ |
| | ശാസ്ത്രക്ലബ്ബിന്റെ നേതൃത്വത്തിൽ വംശനാശഭീഷണി നേരിടുന്ന സസ്യങ്ങൾ, മൃഗങ്ങൾ, കണ്ടെത്തി ശാസ്ത്ര ഡയറിയിൽ രേഖപ്പെടുത്തുന്നു. | ജൂലൈ | ശാസ്ത്ര ക്ലബ്ബ്<br>ശാസ്ത്രാദ്ധ്യാപകൻ | സയൻസ് ക്ലബ്ബ് |
| | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസ്സുകൾ ആരംഭിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്രപരീക്ഷണങ്ങളുടെ ഒരു ശേഖരണം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്ര ക്ലബ്ബ്<br>ഹെൽത്ത് ക്ലബ്ബ്<br>ശാസ്ത്രാദ്ധ്യാപകൻ | |

| | | | | |
|---|---|---|---|---|
| 2. ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | ആരോഗ്യ ക്ലബ്ബ്, ശാസ്ത്രക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട കുറിപ്പുകൾ തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് ശാസ്ത്രാദ്ധ്യാപകൻ | |
| | ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാദ്ധ്യാപകർ | പി.റ്റി.എ ശാസ്ത്രക്ലബ്ബ് |
| | ശാസ്ത്ര വിസ്മയ ചുമർ ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് സാസ്ത്രവിസ്മയ ചുമർ ഓരോ ക്ലാസ്സിലും നിർമ്മിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാദ്ധ്യാപകർ സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ് |
| | ശാസ്ത്രജ്ഞന്മാരെ അറിയുക | അക്കാദമിക വർഷം | ശാസ്ത്രാദ്ധ്യാപകർ സയൻസ് ക്ലബ്ബ് | |
| | ശാസ്ത്രമേഖലയിലെ പ്രമുഖരായ വ്യക്തികളുടെ സംഭാവനകൾ തിരിച്ചറിഞ്ഞ് ശാസ്ത്രക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കുറിപ്പ് തയ്യാറാക്കുന്നു. | | | |
| | കുട്ടികളിൽ ശാസ്ത്ര അവബോധം വർധിപ്പിക്കുന്നതിനായി സ്കൂൾ ലൈബ്രറി പ്രയോജനപ്പെടുത്തുന്നു. | അക്കാദമിക വർഷം | ശാസ്ത്രാദ്ധ്യാപകർ | പി.റ്റി.എ |

| | | | | |
|---|---|---|---|---|
| 3. ശാസ്ത്ര രംഗത്തെ നൂതന ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠന ത്തിനായി പ്രയോജനപ്പെടു ത്തുക | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തി ക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രാദ്ധ്യാപകർ | പി.റ്റി.എ |
| | | | | |

# സാമൂഹ്യശാസ്ത്രം

## ആമുഖം-പഠനലക്ഷ്യങ്ങൾ

മാനവികത, ഭരണഘടനാ മൂല്യങ്ങൾ, ബഹുസ്വരത, പെരുമാറ്റമൂല്യങ്ങൾ, നിയമബോധം, സാമൂഹിക നീതി, ലിംഗനീതി, പ്രകൃതി സൗഹാർദ്ദം മുതലയാവ വികസിപ്പിക്കുക.

ഇന്ത്യയെക്കുറിച്ചും കേരളത്തെക്കുറിച്ചുമുള്ള അറിവ് വിവിധ സാമൂഹ്യശാസ്ത്രവിഷയങ്ങളുമായി ഉൾച്ചേർത്ത് ഗ്രഹിക്കാനും ജ്ഞാനസമൂഹനിർമ്മിതിക്കായി പ്രയോജനപ്പെടുത്താനുമുള്ള ധാരണ നേടുക.

കുടിയേറ്റങ്ങളുടെ പശ്ചാത്തലത്തിൽ രൂപപ്പെടുന്ന സാമൂഹിക-സാംസ്കാരിക സങ്കലനാവസ്ഥയുടെ സവിശേഷതകൾ തിരിച്ചറിയുകയും അവയ്ക്കിടയിലെ തനിമയും സങ്കലനങ്ങളും എങ്ങനെ പരസ്പരപൂരകമായി പ്രവർത്തിക്കുന്നുവെന്ന് വിശദീകരിക്കാനുള്ള കഴിവ് നേടുകയും ചെയ്യുക.

മാധ്യമങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങളേയും മാധ്യമങ്ങളെയും ക്രിയാത്മക വിമർശനത്തിന് വിധേയമാക്കി വിശകലനം ചെയ്യുന്നതിനുമുള്ള കഴിവ് നേടുക.

ഓരോരുത്തരും ജീവിക്കുന്ന സമൂഹത്തെ ചരിത്രാവബോധത്തോടെ വിശകലനം ചെയ്യാനും അതിന്റെ അടിസ്ഥാനത്തിൽ തന്റേതായ നിരീക്ഷണങ്ങൾ അവതരിപ്പിക്കാനും ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കാനും പ്രാപ്തി നേടുക.

നാം ജീവിക്കുന്ന സമൂഹത്തിലെ സാമ്പത്തിക പ്രവർത്തനങ്ങളെ പ്രാദേശിക, ദേശീയ, സാർവദേശീയ വീക്ഷണത്തിൽ വിശകലനം ചെയ്തു.

ജൈവപരിസ്ഥിതി, സാമൂഹിക പരിസ്ഥിതി, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യം മുതലായവയുടെ രൂപീകരണത്തിലും ശാക്തീകരണത്തിലും സ്വന്തമായ നിലപാടുകളും അഭിപ്രായങ്ങളും രൂപപ്പെടുത്താനും അവതരിപ്പിക്കാനും കഴിയുക.

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘു തരം | ഗുരു തരം | തീവ്രം | |
| 1)ഭൂപട വായന | ഭൂപടത്തിൽ രാജ്യങ്ങളുടെ സ്ഥാനം കണ്ടെത്താൻ സാധിക്കുന്നില്ല | | ✓ | | വ്യത്യസ്ത ഭൂപടങ്ങളുടെ ലഭ്യതക്കുറവ്, സമയക്കുറവ് |
| 2)ഭരണഘടനയിലെ അടിസ്ഥാന ആശയങ്ങളുടെ ധാരണാ സൃഷ്ടി | കുട്ടികൾക്ക് ഭരണഘടനയെക്കുറിച്ച് അറിയില്ല | ✓ | | | ഭരണഘടനയുടെ ആവശ്യകതയെക്കുറിച്ചും ഉദ്ഭവത്തെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചും ക്ലാസ്സുകളുടെ അഭാവം |
| 3)നവോത്ഥാനത്തെ അറിയാൻ | പ്രാദേശിക ദേശീയ നവോത്ഥാന വ്യക്തിത്വങ്ങളെക്കുറിച്ചുള്ള അജ്ഞത | ✓ | | | വിശാലമായ പഠന മേഖല അതിവിശാലമായ വിവരണ ശേഖരണ പ്രക്രിയ |
| 4)മാതൃകാ പാർലമെന്റ് | നിയമനിർമ്മാണ സഭയെക്കുറിച്ച് അറിവില്ല | ✓ | | | ആശയാവതരണത്തിലെ പ്രായോഗിക ബുദ്ധിമുട്ട്, സമയക്കുറവ് |

| ക്രമ നം. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | സാമൂഹ്യശാസ്ത്രത്തിന്റ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | അങ്കത്തട്ട്-കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അറിവ് പരീക്ഷിക്കുന്നതിനായി പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു | ജൂൺ ആരംഭം തുടർ പ്രക്രിയ | സാമൂഹ്യ ശാസ്ത്ര അധ്യാകർ | പി.റ്റി.എ | |
| | | ഓർമ്മച്ചെപ്പ്<br>അന്തർദേശീയ തലം മുതൽ ജില്ലാ തലം വരെയുള്ള നദികൾ, ഭൂപ്രകൃതി തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐ.സി.റ്റി സാധ്യതകളുപരയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു. | ജൂൺ ആരംഭം തുടർ പ്രക്രിയ | സാമൂഹ്യ ശാസ്ത്ര അധ്യാകർ | പി.റ്റി.എ | |
| 2. | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുന്നു | Virtual Field Trip ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |

| | | | | | | |
|---|---|---|---|---|---|---|
| 3. | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേയ്ക്ക് ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനം മനസിലാക്കുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | | |

**വിഷയം : അറബിക്** **ക്ലാസ്സ് : യു.പി.തലം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാശേഷി വർദ്ധിപ്പിത്തുക | **പുതിയ പദം പരിചയപ്പെടൽ**<br>ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും, പദങ്ങൾക്കും പുറമേ അഞ്ച് വാക്കുകൾ കഥ, കവിത, പുസ്തകങ്ങളിൽ നിന്നോ പ്രൊജക്ടർ സ്ക്രീനിൽ കഥ, കവിത എന്നിവ കാണിച്ചോ ശേഖരിക്കുവാൻ സാഹചര്യമൊരുക്കുന്ന ലഘു സംഭാഷണങ്ങൾ, പാഠഭാഗങ്ങൾ ചിത്രീകരണ രൂപത്തിലുള്ള അവതരണം കൂടുതൽ പ്രവർത്തനങ്ങളിൽ പങ്കാളിയായവർക്ക് സമ്മാനം നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ<br>കാർഡുകൾ<br>സി.ഡികൾ |
| ഓരോ മാസവും കുട്ടികൾ വായനാതൽപരരാവുകയും ഭാഷാശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക | മാസത്തിലൊരിക്കൽ ക്ലാസ് തലത്തിൽ വായനാമത്സരം, കയ്യെഴുത്ത് മത്സരം എന്നിവ നടത്തി സമ്മാനം നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | ചാർട്ടുകൾ<br>പുസ്തകങ്ങൾ |
| അറബി ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഭാഷയിലെ ഒരേ പോലുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കും | **കൈത്താങ്ങ്**<br>ടെസ്റ്റ് നടത്തി ഭാഷാ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്കു വേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. സ്കൂളിലെ സ്മാർട്ട് ക്ലാസ്സ് റൂമുകൾ ഉപയോഗിച്ച് ഗെയിമുകൾ ഫ്ളാഷ് കാർഡുകൾ നിറം നൽകൽ പോലുള്ള പ്രവർത്തനങ്ങൾ നൽകുന്നു. ഭാഷയിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിഗണന നൽകുകയും, എഴുത്തും വായനയും പരിപോഷിപ്പിക്കുകയും ചെയ്യുന്നു | മൂന്ന് മാസം | പുസ്തകങ്ങൾ<br>കാർഡുകൾ |